**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1340** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഓരോ വർഷവും വാഹനാപകടങ്ങളിൽ ഒട്ടേറെ ജീവനുകൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** വാഹന സാന്ദ്രത, ലഹരി ഉപയോഗിച്ചുള്ള ഡ്രൈവിംഗ്, മതിയായ പരിശീലനം ഇല്ലാത്ത ഡ്രൈവർമാർ എന്നിവയൊക്കെ വാഹനാപകടങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പും പോലീസും സംയുക്തമായി കർശനമായി പരിശോധനകൾ നടത്തി വരുന്നു. ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും അവരുടെ ഡ്രൈവിംഗ് ലൈസൻസ് താൽകാലികമായോ, സ്ഥിരമായോ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്

**(സി)** വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനും യാത്രകൾ സുരക്ഷിതമാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ?

**<u>മറുപടി:</u>** ഗതാഗത നിയമങ്ങളുടെ കർശനമായ നടപ്പാക്കൽ, റോഡ് സുരക്ഷാ ബോധവൽക്കരണം, കെ.ആർ.എസ്.എ, പി.ഡബ്ല്യു.ഡി എന്നിവയുമായി ചേർന്ന് റോഡ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കൃത്യമായ വാഹന ഫിറ്റ്നസ് പരിശോധന എന്നിവ ഉറപ്പാക്കുന്നു. കൂടാതെ, പുത്തൻ സാങ്കേതികവിദ്യകളുടെ പരമാവധി പ്രയോജനം ഉറപ്പാക്കിക്കൊണ്ട്, അപകട സമയങ്ങളിലെ അടിയന്തിര രക്ഷാപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കെ.ആർ.എസ്.എ, പി.ഡബ്ല്യുഡി, പോലീസ്, ആരോഗ്യവകുപ്പ് എന്നിവരുമായി സംയുക്തമായി ചേർന്ന് സ്വീകരിച്ച വരുന്നു.

കെഎസ്ആർടിസി ഡിപ്പോ തലത്തിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, റോഡ് സേഫ്റ്റി അതോറിറ്റി ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധൻമാർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു.

അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ ബസുകളിൽ "കോ പൈലറ്റ് A1 ഫീച്ചർ ക്യാമറ" ഡ്രൈവർ ക്യാമറയുടെ കൂടെ ഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സഹായത്താൽ ഡ്രൈവിംഗ് സമയത്തുള്ള ഡ്രൈവിങ്ങിന്റെ ശ്രദ്ധ തിരിക്കുന്ന ഉറക്കം, മൊബൈൽ ഉപയോഗം, പുകവലി തുടങ്ങിയവയും, അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ യഥാസമയം തന്നെ കണ്ടെത്തി അലർട്ട് ചെയ്യുന്നതിലൂടെ അപകടം ഒഴിവാക്കുന്നതിന് സാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**